കാര്യമാണ്. അറിവില്ലാത്ത നിയമപരമായ കാര്യത്തെ സംബന്ധിച്ച് നാം തമ്മിൽ തർക്കിച്ചിട്ട് കാര്യമില്ല.

ശ്രീ. മാമ്പുഴ ഗോപിനാഥപിള്ള: ഭരണഘടനയിൽ പറഞ്ഞിട്ടില്ലാത്ത കാര്യം, ഭരണപരിഷ്കാരക്കമ്മിറ്റി റിപ്പോർട്ടിൽ സുപാർശ ചെയ്തിട്ടുള്ളതു്, സാമ്പത്തികസ്ഥിതിയുടെ അടിസ്ഥാനത്തിൽ പിന്നാക്കസമുദായങ്ങളെ തരംതിരിക്കണമെന്നു് പറഞ്ഞിട്ടുള്ളതു് ഈ രാജ്യത്തു് കെട്ടടങ്ങി കിടന്നിരുന്ന വർഗ്ഗീയതയെ ഇളക്കിവിടുന്നതിനാണോ?

ശ്രീ. ഇ എം. എസ്സ്. നമ്പൂതിരിപ്പാട്: ഇതുപോലെ അങ്ങോട്ടും ചോദിക്കാം. ഭരണഘടനയിൽ അതുകൂടി ഉൾപ്പെട്ടതാതിരുന്നതു് ഈ രാജ്യത്തെ വർഗ്ഗീയതയെ ഇളക്കിവിടുന്നതിനാണോ എന്നു്.

പൂട്ടിയിട്ട വ്യവസായശാലകൾ.

* 1584. [17] ശ്രീ. ടി. ഒ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) 1957 ഏപ്രിൽ 5–ാം തീയതിക്കുശേഷം കേരളത്തിൽ എത്ര വ്യവസായശാലകൾ പൂട്ടിയിട്ടിട്ടുണ്ടു്;

(ബി) തന്മൂലം എത്ര തൊഴിലാളികൾക്കു് ജോലി ഇല്ലാതായിട്ടുണ്ടു്?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്സു്) പൂർണ്ണമായ കണക്കു ശേഖരിക്കാൻ ഇനിയും സാധിച്ചിട്ടില്ല.

ടാനിംഗു് വ്യവസായം.

* 1585. [18] ശ്രീ. സി. കുഞ്ഞികൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിൽ എവിടെയെല്ലാം ടാനിംഗു് വ്യവസായം നടന്നു വരുന്നു;

(ബി) എത്ര ടൺ ഉറക്കിട്ട തോൽ ഒരു വർഷത്തിൽ ഈ സ്റ്റോറിൽ ഉൽപ്പാദിപ്പിക്കുന്നുണ്ടു്;

(സി) ഈ സ്റ്റോറിൽ ഏറ്റവും അധികം തോൽ കിട്ടുവാൻ സാദ്ധ്യതയുള്ള കാസർകോഡിൽ ഗവണ്മെൻറുവക ഒരു ടാനിംഗു് ഇൻസ്റ്റിറ്റ്യൂട്ടു് തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ):

(എ) വടക്കാഞ്ചേരി, ചങ്ങനാശ്ശേരി, കാസർകോട്ട മുതലായ സ്ഥലങ്ങളിൽ ടാനിംഗു് വ്യവസായം നടന്നുവരുന്നുണ്ടു്

(ബി) ഉദ്ദേശം 145 ടൺ.

(സി) കാസർകോട്ടു് ധാരാളം ടാനിംഗു് വ്യവസായ യൂണിറ്റുകളും സഹകാര്യ മേഖലയിൽ ഉണ്ടു്. അവയെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു് ഒരു കൂടുതൽ ഉറക്കാനുള്ള സാദ്ധ്യതകളും ആരാഞ്ഞുകൊണ്ടിരിക്കുകയാണു്.

ശ്രീ. കെ. ഹസ്സൻ ഗനി: കോട്ടയ്ക്കൽ പഞ്ചായത്തിൽ നിന്നും ഇങ്ങനെയൊരു ടാനിംഗു് വ്യവസായം തുടങ്ങുന്നതിനു് അപേക്ഷ ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. പി. ഗോപാലൻ: ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ലഭിച്ചിട്ടുണ്ടായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly